


# PRIME NEWS ANALYSIS

Malayalam

**ACHARYA**
An influential mentor


www.acharyainfo.com AcharyaIAS.Academy

# പ്രതിരോധ മേഖലയുടെ സ്വദേശിവൽക്കരണം

പ്രതിരോധ മേഖലയുടെ സ്വദേശിവൽക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആയുധങ്ങളും മറ്റു പ്രതിരോധ ഉൽപ്പന്നങ്ങളും രാജ്യത്തിനകത്തുതന്നെ വികസിപ്പിക്കാനും നിർമ്മിക്കാനുമുള്ള ശേഷി കൈവരിക്കുകയും അതുവഴി ഇത്തരം വസ്തുക്കളുടെ ഇറക്കുമതി കുറക്കുകയുമാണ്.

## പശ്ചാത്തലം

1980 കളിൽ തന്നെ പ്രതിരോധ മേഖലയിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡി.ആർ.ഡി.ഓ ക്ക് സർക്കാർ വലിയ ധനസഹായം നൽകി വരുന്നുണ്ട്. ഈ മേഖലയിൽ ഒരു വലിയ തുടക്കമായി 1983 ൽ സർക്കാർ അംഗീകാരം നൽകിയ ഇന്റഗ്രേറ്റഡ് ഗൈഡഡ് മിസൈൽ ഡെവലപ്മെന്റ് പ്രോഗ്രാമിനെ കാണാം. 4 തരത്തിലുള്ള മിസൈൽ സംവിധാനങ്ങൾ വികസിപ്പിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. അവ:

- പ്രിഥ്വി
- ആകാശ്
- ത്രിശൂൽ
- നാഗ

പ്രതിരോധ ഉല്പന്നങ്ങൾക്കാവശ്യമായ, ഇന്ത്യക്കകത്ത് ഉൽപ്പാദിപ്പിക്കുന്ന ഘടകങ്ങൾ രാജ്യത്തിൻറെ മൊത്തം പ്രതിരോധ ഉൽപ്പന്നങ്ങൾ വാങ്ങിക്കാനാവശ്യമായ ചെലവിന്റെ എത്ര ശതമാനം വരും എന്ന കാണിക്കുന്ന സൂചികയാണ് സെൽഫ്-റിലയൻസ് ഇൻഡക്സ്. 1990 ൽ ആരംഭിച്ച 10-ഇയർ-സെൽഫ്-റിലയൻസ് പദ്ധതിയുടെ ഫലമായി സെൽഫ് റിലയൻസ് ഇൻഡക്സ് 1992-93 ലെ 30 ശതമാനത്തിൽ നിന്നും 2005 ആയപ്പോഴേക്കും 70 ശതമാനമായി ഉയർന്നു.

ACHARYA
An influential mentor

എന്നാൽ സ്വദേശീയമായ ഇത്തരം ശ്രമങ്ങൾ നമ്മുടെ പ്രതിരോധ ആവശ്യങ്ങൾ നികത്താൻ പര്യാപ്തമായിരുന്നില്ല. അതുകൊണ്ടുതന്നെ വിദേശരാജ്യങ്ങളുമായി ചേർന്നുകൊണ്ട് സംയുക്തമായി ആയുധങ്ങൾ വികസിപ്പിക്കാനും നിർമ്മിക്കാനുമുള്ള ശ്രമങ്ങൾ ഇന്ത്യ ആരംഭിച്ചു. അതിന്റെ ഭാഗമായി 1998 ൽ ഇന്ത്യ 'ബ്രഹ്മോസ് സൂപ്പർസോണിക് മിസൈൽ ഉണ്ടാക്കാനുള്ള കരാർ റഷ്യയുമായി ഒപ്പിട്ടു. പിന്നീട് ഫ്രാൻസ്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളുമായും ഇത്തരത്തിലുള്ള കരാറുകൾ ഇന്ത്യ ഒപ്പുവെക്കുകയുണ്ടായി.

## എന്തിനാണ് പ്രതിരോധ മേഖലയിലെ സ്വദേശിവൽക്കരണം?

- ഇന്ത്യയുടെ അതിർത്തികൾ പലതും കൃത്യമായി അടക്കപ്പെടാത്തതാണ്. അതുകൊണ്ടുതന്നെ വലിയ രീതിയിലുള്ള സുരക്ഷാ ഭീഷണി നിലവിൽ ഇന്ത്യക്ക് ഉണ്ട്. ഈ സാഹചര്യത്തിൽ ആയുധ നിർമ്മാണ മേഖലയിലെ ആശ്രിതത്വം സുരക്ഷാ ഭീഷണി വർദ്ധിപ്പിക്കുന്നു.

- ലോകത്തിൽ ഏറ്റവും കൂടുതൽ ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. വലിയ തുകക്കുള്ള ഈ ഇറക്കുമതി രാജ്യത്തിന്റെ ഫിസ്കൽ ഡെഫിസ്റ്റ് വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

- പ്രതിരോധ മേഖലയിലെ സ്വദേശി വൽക്കരണം വലിയ തോതിലുള്ള തൊഴിൽസൃഷ്ടിക്ക് ഇടവരുത്തും. കണക്കുകൾ പ്രകാരം ആയുധ ഇറക്കുമതിൽ 20 മുതൽ 25 ശതമാനം വരെയുള്ള കുറവ് ഏകദേശം ഒരു ലക്ഷത്തിൽ അധികം നേരിട്ടുള്ള തൊഴിൽസൃഷ്ടിക്ക് കാരണമാകും.

- ആയുധ നിർമ്മാണ മേഖലയിൽ സ്വയംപര്യാപ്തത നേടുന്ന ഇന്ത്യയെ ഒരു ആഗോള ശക്തിയാക്കാൻ സഹായിക്കും.

## പ്രതിരോധമേഖലയിലെ സ്വയംപര്യാപ്തത - ഇപ്പോഴത്തെ സാഹചര്യം

ACHARYA
An influential mentor

ഐ.എൻ.എസ് വിക്രാന്ത്  - ഇന്ത്യയിൽ നിർമ്മിക്കുന്ന ആദ്യത്തെ വിമാനവാഹിനി കപ്പൽ ആണിത്.

അരിഹന്ത് - ഇന്ത്യ തദ്ദേശീയമായി നിർമ്മിക്കുന്ന ആദ്യത്തെ ന്യൂക്ലിയർ സബ് മറൈൻ ആണിത്.

അർജുൻ ടാങ്ക് - ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച മൂന്നാം തലമുറയിൽപ്പെട്ട യുദ്ധ ടാങ്ക് ആണിത്.

ACHARYA
An influential mentor